Yesuvinte Peedanubhava Anusmarana Prarthana
*(Malayalam)*

Compiled by :
**Luise Pullan**, Mattoor, Kalady.
Mob: 9400408533
E-mail : poluise@gmail.com

Imprimatur :
**Mar Thomas Chakiath**,
Ernakulam-Angamaly Archdiocese

*First Edition :* February 2006
*Seventh Edition:* June 2024

*Printed at*
St. Martin Press, Angamaly

© Luise Pullan

*Published by:*
Ann Maria Publishers,
Mattoor, Kalady, Kochi-683574.
Website: www.annmariapublishers.com

Price: Rs.15

# യേശുവിന്റെ പീഡാനുഭവ
# അനുസ്മരണ പ്രാർത്ഥന

**Ann Maria Publishers**
Mattoor, Kalady, Kochi-683574
Website: annmariapublishers.com

# ആമുഖം

വി. അഗസ്റ്റിന്റെ സന്യാസിനി സമൂഹത്തിലെ അംഗമായിരുന്ന ജർമ്മനിയിലെ ആൻ കാതറൈൻ എമറിച്ചിന് 1823 ഫെബ്രുവരി 18 മുതൽ ഏപ്രിൽ 5 വരെ ലഭിച്ച യേശുവിന്റെ പീഡാനുഭവ ദർശനങ്ങളും, ഏശയ്യാ പ്രവാചകന്റെ പ്രവചനങ്ങളും, സുവിശേഷങ്ങളിലെ പീഡാനുഭവഭാഗങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു ധ്യാനാത്മക പ്രാർത്ഥനയാണ് ഇത്. സ്വന്തം ജീവിതത്തിലെ പ്രശ്നങ്ങളും തുടർച്ചയായുള്ള പരാജയങ്ങളും പ്രതിസന്ധികളും ഒരാളെ അലട്ടുമ്പോഴും നിരാശയിലേയ്ക്കു നയിക്കുമ്പോഴും ഒരുമണിക്കൂർ സമയം യേശുവിന്റെ പീഡാസഹനങ്ങളെക്കുറിച്ച് ധ്യാനിക്കുന്നത് പ്രത്യാശയിലേയ്ക്കു നയിക്കുവാനും സഹനങ്ങളെ ധീരതയോടെ നേരിട്ട് ജീവിതവിജയം കണ്ടെത്തുവാനും സഹായിക്കും. പ്രശ്നങ്ങൾ ഇല്ലാത്ത വ്യക്തിയാണെങ്കിലും ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരിക്കലെങ്കിലും ഇത് ധ്യാനിക്കുന്നത് ആത്മവിശുദ്ധീകരണത്തിനും സമചിത്തത നിറഞ്ഞ ജീവിതാന്തരീക്ഷം രൂപപ്പെടുത്തുന്നതിനും ഉതകുന്നതാണ്.

## ഉള്ളടക്കം


1. യേശുവിന്റെ പീഡാനുഭവ അനുസ്മരണം:

   * യേശു ചമ്മട്ടിയടിയേൽക്കുന്നു, മുൾമുടി ധരിക്കപ്പെടുന്നു. – 7

   * യേശുവിന്റെ കുരിശു യാത്ര – 15

   * യേശു കാൽവരിയിൽ, കുരിശിൽ തറയ്ക്കപ്പെടുന്നു – 24

   * യേശുവിന്റെ മരണം. – 33

2. ഈശോയുടെ തിരുമുഖത്തിന്റെ ജപമാല – 41

3. കരുണക്കൊന്ത – 44

4. ഈശോയുടെ തിരുരക്ത സംരക്ഷണ പ്രാർത്ഥന – 46

# യേശുവിന്റെ പീഡാനുഭവ അനുസ്മരണ പ്രാർത്ഥന

*പ്രാരംഭ പ്രാർത്ഥന*

പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ. *ആമ്മേൻ*

പിതാവായ ദൈവമേ, പ്രപഞ്ച സൃഷ്ടാവേ, മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ച് അവന് മറ്റു വസ്തുക്കളുടെമേൽ എല്ലാ അധികാരവും നൽകിയ അങ്ങയെ ഞാൻ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. മനുഷ്യരക്ഷയ്ക്കു വേണ്ടി അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പൂർവ്വപിതാക്കന്മാരിലൂടെ സ്വന്തം ജനതയായി ഇസ്രായേലിനു രൂപം കൊടുക്കുകയും മോശ വഴി അവർക്കു പത്തു കല്പനകൾ നൽകുകയും ന്യായാധിപന്മാർ, രാജാക്കന്മാർ, പ്രവാചകന്മാർ എന്നിവരിലൂടെ ആ ജനതയെ നയിക്കുകയും മാനവകുലം മുഴുവൻ രക്ഷ ലഭിക്കുന്നതിനായി തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ ദാനമായി നൽകുകയും ചെയ്ത

പരമപിതാവായ ദൈവമേ, ഞാൻ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. സ്വപുത്രന് മനുഷ്യനായി അവതരിക്കുവാൻ പാപമാലിന്യമേശാത്ത കന്യകാമറിയത്തെ തെരഞ്ഞെടുത്ത് സഹരക്ഷ കയും ഞങ്ങൾക്ക് അമ്മയുമായി തന്ന ദൈവമേ ഞാൻ അങ്ങേക്ക് നന്ദി പറയുന്നു.

പുത്രനായ ദൈവമേ, എളിയവരിൽ എളിയവനായി, ദരിദ്രരിൽ ദരിദ്രനായി, പിറക്കുവാനൊരിടം കിട്ടാതെ ബേത്‌ലെഹെമിലെ ഒരു കാലിത്തോഴുത്തിൽ വന്നുപിറന്ന രാജാധി രാജനായ അങ്ങയെ ഞാൻ ആരാധിക്കുന്നു. പരസ്യജീവിതത്തിന്റെ ആരംഭത്തിൽ സ്നാപക യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ച് 40 ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥന യിലും ചെലവഴിച്ച്, പിശാചിന്റെ പരീക്ഷണ ങ്ങളിൽ വിജയം വരിച്ച് പിതാവ് ഏൽപ്പിച്ച തന്റെ രക്ഷാകരദൗത്യം ആരംഭിച്ച യേശുനാഥാ, എന്റെ ഓരോ പ്രവർത്തികളും ജീവിത വിശുദ്ധിയോടും പ്രാർത്ഥനയോടും കൂടി ആരംഭിക്കുവാനുള്ള കൃപാവരം തരണമെ. അനാഥരോടും, ദരിദ്രരോടും, രോഗികളോടും, പാപികളോടും കരുണകാണിച്ച യേശുനാഥാ പാപിയായ

എന്നോട് കരുണയായിരിക്കണമേ. ഏതു പ്രതിസന്ധിഘട്ടങ്ങളും ധീരതയോടെ നേരിടുവാനും പ്രത്യാശ കൈവിടാതെ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുവാനും എന്നെ ശക്തനാക്കണമെ.

പരിശുദ്ധാത്മാവായ ദൈവമേ എഴുന്നള്ളി വരണമേ. യേശുവിന്റെ ജ്ഞാനസ്നാന സമയത്ത് പ്രാവിന്റെ രൂപത്തിൽ എഴുന്നള്ളി വന്ന പരിശുദ്ധാത്മാവായ ദൈവമേ ഞാൻ അങ്ങയെ ആരാധിക്കുന്നു. പന്തക്കുസ്താദിനം പ്രാർത്ഥനാനിരതരായിരുന്ന പരിശുദ്ധ മാതാവിന്റെ മേലും ശ്ലീഹന്മാരുടെമേലും തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളിവന്ന് വിവിധ വരങ്ങളാൽ ശക്തിപ്പെടുത്തിയ അങ്ങയെ ഞാൻ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ജീവനും പ്രകാശവുമായി കടന്നു വരുന്ന പരിശുദ്ധാത്മാവായ ദൈവമേ അവിടുത്തെ ദിവ്യപ്രകാശമയച്ച് എന്നെ ജ്വലിപ്പിക്കുകയും ശക്തിപ്പെടുത്തുകയും എല്ലാവിധ വരങ്ങളും ദാനങ്ങളും ഫലങ്ങളും നൽകി എന്നെ അനുഗ്രഹിക്കുകയും ചെയ്യണമേ.

ആമ്മേൻ

# പീഡാനുഭവ അനുസ്മരണം

## 1. യേശു ചമ്മട്ടിയടിയേൽക്കുന്നു, മുൾമുടി ധരിക്കപ്പെടുന്നു.



ദൈവപിതാവിന്റെ വാൽസല്യം നിറഞ്ഞ അമൂല്യമായ സ്നേഹം മക്കളായ നാമെല്ലാം അനുഭവിച്ച റിയുന്നതിന്, ലോകത്തിന് പിതാ വായ ദൈവം സമ്മാനിച്ച പ്രിയ പുത്രൻ സ്വയം ബലിവസ്തുവായി ഇതാ പീലാത്തോസിന്റെ മുമ്പിൽ നിൽക്കുന്നു. ചുറ്റും നിൽക്കുന്നത് ആരൊക്കെ യാണ്? പുരോഹിത പ്രമുഖന്മാരും ജനപ്രമാണി കളും നിയമജ്ഞരും ന്യായാധിപസംഘം മുഴുവനും ചേർന്ന ഒരു വലിയ ജനസമൂഹം. അവർ ഉച്ചത്തിൽ ആക്രോശിക്കുന്നു. 'അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക'. തന്റെ അരുമശിഷ്യന്മാർ എവിടെ? അവിടുത്തെ അത്ഭുതപ്രവർത്തികൾ കണ്ടവരും അവയുടെ ഫലം അനുഭവിച്ചവരും ഇപ്പോൾ എവിടെ? ഈശോയ്ക്കു വേണ്ടി വാദിക്കുവാൻ അവിടെ

ആരുമില്ല. പീലാത്തോസിന് യേശുവിൽ ഒരു കുറ്റവും കാണുവാൻ കഴിഞ്ഞില്ല. റോമൻ രീതിയനുസരിച്ച് യേശുവിന് ചമ്മട്ടിയടി നൽകി വിട്ടയയ്ക്കുവാൻ പീലാത്തോസ് കല്പന നൽകി.

രോഷാകുലരായ ജനങ്ങളുടെ മധ്യത്തിലൂടെ ഭടന്മാർ ഈശോയെ ചമ്മട്ടികൊണ്ട് അടിക്കുന്നതിനായി കൊണ്ടുപോയി. ഇതാ മനുഷ്യത്വരഹിതമായ രീതിയിൽ പീഡകൾ ആരംഭിക്കുന്നു. ഏറ്റവും വലിയ കുറ്റവാളികളെ ശിക്ഷിക്കുന്ന തൂണിൽ അവിടുത്തെ ബന്ധിച്ചു. കഠിനഹൃദയരായ ആറു മല്ലാന്മാരിൽ രണ്ടുപേർ ഈശോയെ ചമ്മട്ടികൊണ്ട് മൃഗീയമായ രീതിയിൽ തലങ്ങും വിലങ്ങും അടിക്കുവാൻ തുടങ്ങി. സത്യദൈവവും സത്യമനുഷ്യനുമായ ദൈവപുത്രൻ മർദ്ദനമേറ്റ് പുളഞ്ഞു. അവിടുന്ന് സഹിച്ച കഠോര വേദനകൾ സകല ചരാചരങ്ങളുടേയുംമേൽ ദൈവീക ചൈതന്യമായി അന്തരീക്ഷത്തിൽ അലയടിച്ചു. മനുഷ്യകുലത്തിന്റെ മുഴുവൻ പാപങ്ങൾ ക്ഷമിക്കണമേ എന്ന് ദിവ്യനാഥൻ പിതാവിനോട് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

പുരോഹിതപ്രമുഖന്മാരുടെ സേവകർ പീഡകരെ സമീപിച്ച് അവർക്ക് പണവും വീര്യമുള്ള ലഹരി പാനീയവും കൊടുത്ത് അവരുടെ ക്രൂരത പതിന്മടങ്ങ് വർദ്ധിപ്പിച്ചു. അവർ ക്ഷീണിച്ചപ്പോൾ വേറെ രണ്ടുപേർ വന്ന് ഉഗ്രകോപത്തോടെ ഈശോയെ പ്രഹരിച്ചു. മുള്ളുകൾ നിറഞ്ഞ കുടുക്കുകളും കീറലുകളുമുള്ള ഒരു തരം വടിയാണ് ഈശോയെ അടിക്കുന്നതിന് അവർ ഉപയോഗിച്ചത്. ആ പാവന ശരീരം അടിയേറ്റ് കീറിമുറിയുകയും രക്തം ധാരയായി ഒഴുകുകയും ചെയ്തു. വേദനയുടെ ഇടയിലും ഈശോ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മറ്റു രണ്ടുപേർ കടന്നു വന്ന് പിന്നെയും പീഡനമാരംഭിച്ചു. ഇവരുടെ ചമ്മട്ടികൾ നേരിയ ഇരുമ്പുചങ്ങലകൾ കൊണ്ടുള്ളതും ആഴമേറിയ മുറിവുകൾ ഉണ്ടാക്കുന്നതും, ഓരോ അടിക്കും മാംസം ചീന്തിപൊളിഞ്ഞു പോരത്തക്കവിധം ഇരുമ്പു കൊളുത്തുകൾ പിടിപ്പിച്ചവയുമായിരുന്നു. ഈശോയെ തിരിച്ചുനിർത്തി പിൻഭാഗം തൂണിനോടുചേർത്ത് ബന്ധിച്ചശേഷം ആ രണ്ടുപേർ

ചമ്മട്ടിയെടുത്ത് മാറിമാറി അവിടുത്തെ മുഖത്തും ദേഹത്തും ഇടതടവില്ലാതെ അടിച്ചു. ഓ! ആ ദൃശ്യം എത്ര ഹൃദയ ഭേദകം! കരയാതെ, പരിഭവിക്കാതെ, പിറുപിറുക്കാതെ ആ പീഡകളെല്ലാം അവൻ ശരീരത്തിൽ ഏറ്റെടുത്തു. നിണമണിഞ്ഞ കണ്ണുകൾകൊണ്ട് അവിടുന്ന് അവരെ നോക്കി. അവൻ ക്ഷീണിതനായി.

ഈശോ പ്രഹരമേറ്റുകൊണ്ടിരുന്ന സമയത്ത് മാലാഖമാർ പലപ്രാവശ്യം അവിടുത്തെ സമീപിച്ച് ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. ദിവ്യകുമാരനെ ബന്ധിതനാക്കി അതികഠിനമായ ചമ്മിട്ടി അടി നൽകിയ സമയം മുഴുവൻ പരിശുദ്ധ അമ്മ വേദന സ്വന്തമാക്കുകയായിരുന്നു.



ഈശോയെ മുൾമുടി ധരിപ്പിച്ച രീതി കണ്ടുനിൽക്കുവാൻ സാധിക്കാത്തവിധം അത്ര കഠോരമായിരുന്നു. മുറിവുകളെല്ലാം തുറക്കപ്പെടുമാറ് യേശുവിന്റെ ഉടുപ്പ് അവർ വലിച്ചൂരി. പകരം മുട്ടോളം എത്തുന്ന ചുവന്ന ഒരു മേൽക്കുപ്പായം ധരിപ്പിച്ചു.

കൂർത്ത മുള്ളുകളുള്ള മൂന്ന് ശിഖരങ്ങൾ തമ്മിൽ മെടഞ്ഞുണ്ടാക്കിയ മുൾമുടി ശിരസ്സിൽ ആഞ്ഞ് അമർത്തി വെച്ച് ഒരു രാജാവിനെ വാഴിക്കുന്ന രീതിയിൽ നീളമുള്ള ഒരു ഞാങ്ങണ കൈയ്യിൽ പിടിപ്പിച്ചു. അതിനുശേഷം ഞാങ്ങണ പിടിച്ചുവാങ്ങി തലയ്ക്കടിച്ചു. രക്തം കണ്ണു കളിലേക്ക് ഒഴുകി വീണു. അവർ അവിടുത്തെ മുമ്പിൽ മുട്ടുകുത്തി. 'യഹുദന്മാരുടെ രാജാവേ സ്വസ്തി' എന്നു പറഞ്ഞു പരിഹസിക്കുകയും പ്രഹരിക്കുകയും മുഖത്തു തുപ്പുകയും ചെയ്തു. ഈശോയെ പിടിച്ചിരുത്തിയ ഇരിപ്പിടം മറിച്ചിട്ട് അവിടുത്തെ തള്ളിയിടുകയും ബലമായി വലിച്ചെഴുന്നേല്പിച്ച് വീണ്ടും അതേ സ്ഥിതി യിൽ ഇരുത്തുകയും ചെയ്തു. തനിക്ക് ഏൽ ക്കേണ്ടി വന്ന പ്രഹരങ്ങളാൽ പനി ബാധിച്ച യേശുവിനു അതികഠിനമായി ദാഹിച്ചു. അവി ടുത്തെ ശരീരം വിറച്ചുകൊണ്ടിരുന്നു. മാംസം കീറിമുറിഞ്ഞു, നാവു വരണ്ടുണങ്ങി, മുഖ ത്തേക്ക് ഒഴുകി ഇറങ്ങിയ ശിരസ്സിലെ രക്തം മാത്രം അവിടുത്തെ വരണ്ട ചുണ്ടുകളെ നനച്ചു.

ഈശോയെ വീണ്ടും അവർ പീലാ ത്തോസിന്റെ അരമനയിലേക്ക് കൊണ്ടുപോയി.

മർദ്ദനങ്ങളുടെ ആധിക്യത്താൽ ശരീരം മുഴുവൻ മുറിപ്പെട്ട്, ഉണങ്ങിയ രക്തകട്ടികൾക്കു മീതെ ചെന്നീരൊലിപ്പിച്ച്, നടുവു വളഞ്ഞ് ഒരു വൃദ്ധന്റേതുപോലെ ഈശോയെ കണ്ടപ്പോൾ പീലാത്തോസ് ഒന്നു ഞെട്ടി. മനസ്സിളക്കുന്നതും ഹൃദയഭേദകവുമായ ആ കാഴ്ച കണ്ടു ജനം നടുങ്ങി. എവിടെയും നിശബ്ദത! ക്ഷീണിത നായ ഈശോ മുൾമുടി ധരിച്ച ശിരസ്സുയർത്തി,



ആവേശഭരിതരായി നിൽക്കുന്ന ജനക്കൂട്ടത്തിനു നേരെ നോക്കി. പീലാത്തോസ് ഈശോയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ജനക്കൂട്ടത്തോട് പറഞ്ഞു 'ഇതാ മനുഷ്യൻ'. പുരോഹിത പ്രമുഖൻമാരും അവരുടെ അനുയായികളും വിരോധത്തോടും വെറുപ്പോടും വിളിച്ചു പറഞ്ഞു. 'അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക'.

ഈശോയുടെ പീഡാസഹനവുമായി ബന്ധപ്പെട്ട ഏശയ്യാ പ്രവാചകന്റെ പ്രവചനം താഴെ കൊടുത്തിരിക്കുന്നു. "അടിച്ചവർക്ക് പുറവും താടിമീശ പറിച്ചവർക്ക് കവിളുകളും

അവൻ കാണിച്ചു കൊടുത്തു, നിന്ദയിൽ നിന്നും തുപ്പലിൽനിന്നും ഞാൻ മുഖം തിരിച്ചില്ല. ദൈവ മായ കർത്താവ് എന്നെ സഹായിക്കുന്നതിനാൽ ഞാൻ പതറുകയില്ല. ഞാൻ എന്റെ മുഖം ശിലാതുല്യനാക്കി. എനിക്ക് ലജ്ജിക്കേണ്ടി വരികയില്ലെന്ന് ഞാൻ അറിയുന്നു. എനിക്ക് നീതി നടത്തിത്തരുന്നവൻ എന്റെ അടുത്തുണ്ട്." (ഏശയ്യാ 50 : 6–8).

"അവനെ കണ്ടവർ അമ്പരന്നുപോയി, മനുഷ്യനെന്ന് തോന്നാത്തവിധം അവൻ വിരൂപനായിരിക്കുന്നു." (ഏശയ്യാ 52:14). അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചു കളഞ്ഞു. അവൻ നിന്ദിക്കപ്പെട്ടു; നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യാഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദു:ഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു നാം കരുതി. നമ്മുടെ അതിക്രമ

ങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെമേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി. നാമോരോരുത്തരും സ്വന്തം വഴിക്കുപോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെ മേൽ ചുമത്തി. അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു. മർദ്ദനത്തിനും ശിക്ഷാവിധിക്കും അധീനനായി അവൻ എടുക്കപ്പെട്ടു. എന്റെ ജനത്തിന്റെ പാപം നിമിത്തമാണ് അവൻ പീഡനമേറ്റ് ജീവിക്കുന്നവരുടെ ഇടയിൽനിന്നും വിച്ഛേദിക്കപ്പെട്ടതെന്ന് അവന്റെ തലമുറയിൽ ആരു കരുതി? അവൻ ഒരു അതിക്രമവും ചെയ്തില്ല. അവന്റെ വായിൽനിന്നും വഞ്ചന പുറപ്പെട്ടുമില്ല”

(ഏശയ്യാ 53:3–8).

## 2. യേശുവിന്റെ കുരിശു യാത്ര



അതികഠിനമായി ചമ്മട്ടിയടിയേറ്റ്, രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങളും തലയിൽ മുൾമുടിയും ധരിച്ച് ക്ഷീണത്താൽ വിറയ്ക്കുന്ന കൈകാലുകളോടെ നിസ്സഹായനായി നിന്ന അവിടുത്തെ പീലാത്തോസ് മരണശിക്ഷയ്ക്ക് വിധിച്ചു. അതിനുശേഷം ക്രൂശിക്കാനായി യഹൂദൻമാർക്ക് വിട്ടുകൊടുത്തു. ഈശോയുടെ ചുറ്റും നിന്ന ദുഷ്ടൻമാർ അവിടുത്തെ കൈകളുടെ കെട്ടുകളഴിച്ച്, പരിഹസിക്കുവാൻ വേണ്ടി ധരിച്ചിരുന്ന ചെങ്കുപ്പായം വലിച്ചൂരി. അപ്പോൾ മുറിവുകളെല്ലാം വീണ്ടും തുറക്കപ്പെട്ടു. വിറയ്ക്കുന്ന കൈകൾകൊണ്ട് തന്റെ വസ്ത്രം അവൻ ധരിച്ചു. ഈശോയുടെ അമ്മ നെയ്തെടുത്ത തുന്നലില്ലാത്ത കുപ്പായം മുൾമുടി ധരിച്ച ശിരസ്സിലൂടെ കടക്കുകയില്ലെന്ന് കണ്ട് ക്രൂരമായി അവർ മുൾമുടി വലിച്ചൂരിയെടുത്തു. അതിനുശേഷം അവന്റെ അരയ്ക്കുചുറ്റും

കൂർത്തമുനയുള്ള ഒരു ഇരുമ്പു വളയം ചുറ്റി, വലിച്ചുകൊണ്ടുപോകുവാനുള്ള കയറുകൾ അതിൽകെട്ടി. മൃഗീയമായ രീതിയിലാണ് അവർ ഇതെല്ലാം ചെയ്തത്.



രാജാക്കൻമാരുടെ രാജാവായ യേശുനാഥന്റെ കുരിശുയാത്ര ആരംഭിക്കുന്നു. ഭൂമിയിൽ ഏറ്റവും അപമാനകരവും സ്വർഗ്ഗത്തിൽ മഹനീയവുമായ യാത്ര! ചമ്മട്ടിയടിയേറ്റ മുറിവുകൾ നീരുവച്ച്, രക്തവും വെള്ളവും ഒലിച്ച്, വേദനിക്കുന്ന നഗ്നപാദങ്ങളോടെ, മുൾക്കിരീടം ശിരസ്സിലേന്തി, ഭാരമേറിയ കുരിശും വഹിച്ചുകൊണ്ട്, പാപികളായ മനുഷ്യർക്കുവേണ്ടി ജീവൻ ബലികഴിക്കുവാൻ കാൽവരി ലക്ഷ്യമാക്കി നടന്നുനീങ്ങുന്ന ദിവ്യരക്ഷകനെ നമുക്ക് അനുഗമിക്കാം. ശരീരമാകെ മുറിവുകളാൽ മൂടപ്പെട്ട്, തലയും താടിയും രക്തത്തിൽ കുതിർന്നുണങ്ങി മുഖം വികൃതമാക്കപ്പെട്ട് ഇളകുന്ന കുരിശും ചങ്ങലയും മുറിവുകളോടൊട്ടിക്കിടന്ന വസ്ത്രത്തിലുരഞ്ഞ് ദുഃസ്സഹമായ വേദനയനുഭവിച്ച്, പാതയോരങ്ങളിൽ

നിന്നവരുടെയും യാത്രയിൽ കൂടിയവരുടെയും പരിഹാസവും കേട്ട്, നീങ്ങിക്കൊണ്ടിരുന്നപ്പോൾ പോലും തന്നെ ദ്രോഹിച്ചവർക്കുവേണ്ടി അവിടുന്ന് പിതാവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവിടുത്തെ മുഖത്ത് സ്നേഹത്തിന്റെയും വിധേയത്വത്തിന്റെയും ഭാവങ്ങൾ മാത്രം നിഴലിച്ചിരുന്നു.

മർദ്ദനവും, ഭക്ഷണം പോലും ലഭിക്കാതെയുള്ള മറ്റു പീഡനങ്ങളും മൂലം ശക്തി ക്ഷയിച്ച ഈശോ ഗാഗുൽത്തായിലേയ്ക്കുള്ള വഴിയിലെ ഒരു കല്ലിൽ തട്ടി നിലംപതിക്കുന്നു. ക്രൂരന്മാരായ പടയാളികൾ വീണു കിടന്ന ഈശോയെ മർദ്ദിക്കുന്നു. ബന്ധുക്കളുടെയും സ്നേഹിതരുടെയും പരിചയക്കാരുടെയും മുമ്പിൽ അപമാനിതനായി, ഒറ്റപ്പെട്ടവനായി, കഠിനവേദന അനുഭവിച്ചുനിന്ന അങ്ങയുടെ ഈ അവസ്ഥയ്ക്കു കാരണം ഞങ്ങൾതന്നെയാണല്ലോ കർത്താവേ. ഞങ്ങൾ ചെയ്യുന്ന ഓരോ പാപവും അങ്ങയെ മുറിവേൽപ്പിക്കുകയാണല്ലോ ചെയ്യുന്നത്.

കുരിശുയാത്ര മുന്നോട്ട് നീങ്ങുന്നു. ഇടയ്ക്ക് സങ്കടകരമായ ഒരു കൂടിക്കാഴ്ച. അവിടുത്തെ മാതാവ് യോഹന്നാനോടും മറ്റു ഭക്തസ്ത്രീകളോടുമൊപ്പം ഈശോയെ ഒരു നോക്കുകാണുവാൻ വരുന്നു. കരഞ്ഞുകലങ്ങിയ കണ്ണുകളുമായി നമ്മുടെ കർത്താവിന്റെ അമ്മ തന്റെ പൊന്നോമനപുത്രൻ വരുന്ന വഴിയിൽ കാത്തുനിന്നു. ജനക്കൂട്ടം അട്ടഹസിക്കുന്നതും പരിഹസിക്കുന്നതും അവൾ കേട്ടു. "മൂന്ന് കുറ്റവാളികൾ ക്രൂശിക്കപ്പെടുവാൻ പോകുന്നു." എന്ന വാർത്ത ആ കാൽവരിയാത്രയുടെ മുമ്പിൽ നടന്നിരുന്ന ആൾ ഉച്ചത്തിൽ വിളിച്ചുപറയുന്നു. വേദനിപ്പിക്കുന്ന ആ ശബ്ദം നിമിഷം തോറും കൂടുതൽ വ്യക്തമായി മുഴങ്ങി. വഴിയോരത്ത് വികാരം നിയന്ത്രിക്കാനാവാതെ കാത്തുനിന്ന അമ്മ സ്വർഗീയ സഹായം അപേക്ഷിച്ചു. അപ്പോൾ അതാ തന്റെ പ്രിയ പുത്രൻ, കുരിശിന്റെ ഭാരംകൊണ്ട് അമർന്ന് മുൾമുടി ധരിച്ചിരുന്ന ശിരസ്സ് വേദനയുടെ ആധിക്യത്താൽ ചുമലിലേയ്ക്ക് ചരിച്ചുപിടിച്ച് സഹനത്തിന്റെ ആ പാതയിലൂടെ നടന്നു വരുന്നു. അനുകമ്പയോടും ദു:ഖത്തോടും കൂടി

തന്റെ അമ്മയെ ഒന്നുനോക്കി. ആ ദൃശ്യം ആ അമ്മയെ നടുക്കി. അവൾ എല്ലാം മറന്ന് തന്റെ ഓമനമകനിൽ മാത്രം ദൃഷ്ടിയുറപ്പിച്ചു അവിടുത്തെ അടുത്തേക്കു ചെന്നു. മകനേ...... അമ്മേ....... വേദനയിലലിഞ്ഞ ശബ്ദം. അത് അവിടെ ഒന്നായി. നൊമ്പരത്തിന്റെ മാത്രം ലോകം! പലമുഖങ്ങളിലും ആശങ്ക പരന്നതു പോലെ തോന്നി. പടയാളികൾ ചോദിച്ചു; സ്ത്രീയേ, നിനക്കിവിടെ എന്തുകാര്യം? മകനെ നല്ലരീതിയിൽ വളർത്തിയിരുന്നുവെങ്കിൽ ഞങ്ങളുടെ കൈയിൽ ഇവൻ അകപ്പെടുകയില്ലായിരുന്നല്ലോ? മാതാവേ ഈ പരിഹാസം അവിടുന്ന് എങ്ങനെ സഹിച്ചു? ഒരുതെറ്റും ചെയ്യാത്ത തന്റെ പൊന്നോമനപുത്രനെ ഇത്ര ക്രൂരമായി പീഡിപ്പിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന രംഗം ഏത് അമ്മയ്ക്കാണ് സഹിക്കുവാൻ കഴിയുക?

കുരിശും ചുമന്നുകൊണ്ടുള്ള യേശുവിന്റെ കാൽവരിയാത്ര തുറസ്സായ ഒരു സ്ഥലത്തെത്തി. കുരിശിന്റെ ഭാരം വഹിച്ചുകൊണ്ട് മുന്നോട്ടുള്ള യാത്രയിൽ യേശു ഉയർന്നുനിന്ന വലിയൊരു കല്ലിൽ തട്ടി വീണ്ടും നിലംപതിച്ചു. ഫരിസേയർ പട്ടാളക്കാരോടു പറഞ്ഞു. കുരിശു

ചുമക്കുന്നതിന് ആരെയെങ്കിലും നിങ്ങൾ കണ്ടെത്തണം; അല്ലാത്തപക്ഷം അവൻ ജീവനോടെ ഗാഗുൽത്ത എന്ന സ്ഥലത്ത് എത്തുകയില്ല.

തലേരാത്രി ഒൻപതു മണിക്കു ബന്ധിതനാക്കപ്പെട്ട യേശുവിനെതിരെ കള്ളസാക്ഷികളിൽനിന്നും തെളിവുകൾ ശേഖരിക്കുന്നതിനായി നീതിരഹിതരായ ഭരണാധിപന്മാർ അപഹാസ്യമായ വിചാരണ നടത്തി. ചമ്മട്ടി അടിയും മറ്റു മർദ്ദനങ്ങളുംമൂലം ശരീരമാസകലം മുറിവുകളിൽ ചെന്നീരും രക്തവും ഒലിച്ച്, പൊടിപടലങ്ങളാൽ മലിനമായി ദയനീയമായ സ്ഥിതിയിൽ യേശു അവിടെത്തന്നെ കിടന്നു. തൽസമയം അതിലെ വന്ന കിറേനേക്കാരൻ ശിമയോൻ പട്ടാളക്കാരുടെ നിർബന്ധത്തിന് വഴങ്ങി ഈശോയെ സഹായിച്ചു. ഒരു കുറ്റവാളിയുടെ



കുരിശ് ചുമക്കുവാൻ ഇടയായതിൽ അസ്വസ്ഥനായ ശിമയോനെ ഈശോ ശാന്തമായി ഒന്നു കടാക്ഷിച്ചു. ആ സ്വർഗ്ഗീയനോട്ടം അവനെ സ്പർശിച്ചു. അവൻ സന്തോഷത്തോടെ യേശുവിന്റെ കുരിശു ചുമന്നു.

കരുണാനിധിയായ കർത്താവേ, പ്രയാസങ്ങളിലും പ്രതിസന്ധികളിലും ഞാൻ തളരുമ്പോൾ അവിടുത്തെ ഒരു നോട്ടം മതി എന്നെ ശക്തിപ്പെടുത്തുവാൻ. മറ്റുള്ളവരിൽ അങ്ങയെ കണ്ടുകൊണ്ട് സഹനങ്ങളിൽ അവരെ ആശ്വസിപ്പിക്കുവാനുള്ള മനോഭാവം എനിക്കു തരണമേ.

ശിമയോന്റെ സഹായത്താൽ കുരിശുയാത്ര മുന്നോട്ടു പോകുന്നു. അപ്പോൾ അതാ ഭക്തയായ വേറോനിക്ക ജനക്കൂട്ടത്തിന്റെ ഇടയിലൂടെ വന്ന് പട്ടാളക്കാരുടെ മദ്ധ്യത്തിലൂടെ ഈശോയെ സമീപിച്ചു. ഭക്തിപൂർവ്വം അവൾ തന്റെ തൂവാലയെടുത്തു. രക്തംപൂരണ്ട മുഖം വിനയപൂർവ്വം തുടച്ചു. വീട്ടിലെത്തിയ അവൾ ദു:ഖപരവശയായി പ്രാർത്ഥനാപൂർവ്വം ആ തൂവാല നിവർത്തിയപ്പോൾ അത്ഭുതമെന്നുപറയട്ടെ കർത്താവിന്റെ മുഖം വ്യക്തമായി അതിൽ പതിഞ്ഞിരിക്കുന്നു. ഓ ദിവ്യനാഥാ നിന്റെ രക്തം പുരണ്ട മുഖം എന്റെ ഹൃദയത്തിലും പതിക്കേണമേ.

വിറക്കുന്ന കാലുകളോടെ കഠിനമായ വേദന സഹിച്ച് കുരിശുമായി മുന്നോട്ടു

നീങ്ങുന്നതിനിടയിൽ ഈശോ കാലിടറി ഇതാ വീണ്ടും നിലത്തുവീണു. പടയാളികൾ അവിടുത്തെ ചാട്ടവാറുകൊണ്ടടിക്കുന്നു. അവിടുത്തെ വലിച്ചെഴുന്നേല്പിച്ച് വീണ്ടും നടത്തുന്നു.

കുരിശുയാത്ര ജറുസലേം പട്ടണമതിലിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള കവാടത്തിന് അടുത്തെത്തിയപ്പോൾ വലിയ ഒരു സ്ത്രീ സമൂഹം കരയുകയും മുറവിളി കൂട്ടുകയും ചെയ്തുകൊണ്ട് യേശുവിന്റെ അടുത്തേയ്ക്കു വരുന്നു. ഓശാന ദിവസത്തെ ഘോഷയാത്രയിൽ പങ്കെടുത്ത അവർക്ക് ഈശോയുടെ ഈ പീഡനയാത്ര കണ്ടിട്ട് സഹിക്കുവാൻ സാധിച്ചില്ല. എന്നാൽ അവിടുന്ന് അവരോടു പറഞ്ഞു. "ജറുസലേം പുത്രിമാരേ, എന്നെ പ്രതി നിങ്ങൾ കരയേണ്ട. നിങ്ങളേയും നിങ്ങളുടെ മക്കളേയും പ്രതി കരയുവിൻ" *(ലൂക്കാ:23:28)* അവിടുന്ന് സ്വയം മറന്ന് അവരെ ആശ്വസിപ്പിക്കുന്നു.



രക്തമെല്ലാം തീരാറായി...... ശരീരം വിറയ്ക്കുന്നു...... തല കറങ്ങുന്നു...... അതാ ഈശോ ഒരു കല്ലിൽ തട്ടി നിലം പതിക്കുന്നു.

മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ നിമിത്തമാണല്ലോ അവിടുന്ന് വീണ്ടും വീണത്. കർത്താവേ ഞങ്ങളുടെ ഓരോ പാപവും നിമിത്തം അങ്ങയെ ഞങ്ങൾ വീണ്ടും വീഴിക്കുകയാണ്, മുറിവേൽപ്പിക്കുകയാണ്, വേദനിപ്പിക്കുകയാണ്. കരുണാമയനായ കർത്താവേ പ്രലോഭനങ്ങളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും അകന്ന് അങ്ങേ തിരുമുഖം ദർശിച്ച് ജീവിക്കുവാനുള്ള കൃപാവരം എനിക്കു നൽകണമേ. നാഥാ ഞാൻ ഏതവസ്ഥയിലായിരുന്നാലും അവിടുത്തെ കൃപാകടാക്ഷം എന്റെമേൽ പതിപ്പിക്കണമേ. ആരാലും എഴുതപ്പെടാത്ത, വാക്കുകളിൽ വർണ്ണിക്കാനാവാത്ത അങ്ങയുടെ ഏറ്റവും വലിയ സഹനം ഏതായിരുന്നുവെന്ന് വി.ബർണാർഡ് ഒരിക്കൽ ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞുവല്ലോ: "*കുരിശു വഹിച്ചുകൊണ്ടു പോയ ആ വേദനയുടെ വഴിയിൽ എന്റെ തോളിൽ ഉണ്ടായ വളരെ ഗുരുതരമായ മുറിവ് ഏറ്റവും വലിയ വേദന ഉളവാക്കിയിരുന്നു*" എന്ന്. ഈശോയെ അങ്ങയുടെ തിരുത്തോളിലെ തിരുമുറിവിനെ ഞാൻ വണങ്ങുന്നു.

## 3. യേശു കാൽവരിയിൽ, കുരിശിൽ തറയ്ക്കപ്പെടുന്നു



ഈശോയുടെ പീഡാനുഭവയാത്ര ഗാഗുൽത്താമലയുടെ മുകളിലെത്തി. യേശുവിനെ കുരിശിൽ തറയ്ക്കുവാനുള്ള ഒരുക്കങ്ങൾ അവർ ചെയ്തുകൊണ്ടിരുന്നു. കുരിശിൽ കാൽ താങ്ങുവാനുള്ള ഒരു മരക്കട്ട തറച്ചുറപ്പിച്ചു. കൈകളിൽ ആണി തറയ്ക്കുന്ന സ്ഥലത്ത് മരത്തിൽ ദ്വാരം ഉണ്ടാക്കി.

രക്തത്തിൽ ഒട്ടിപ്പിടിച്ചിരുന്ന യേശുവിന്റെ വസ്ത്രങ്ങൾ പട്ടാളക്കാർ വലിച്ചുപറിച്ചു. മാതാവ് നെയ്തു സമ്മാനിച്ചിരുന്ന തുന്നലില്ലാത്ത മേലങ്കി ഊരിയെടുക്കുന്നതിനായി മുൾമുടി ശിരസ്സിൽ നിന്നു വലിച്ചൂരി. നിണമുണങ്ങിയ മുറിവുകളെല്ലാം വീണ്ടും തുറന്ന് രക്തം പ്രവഹിച്ചു. അരയിൽ ചുറ്റിക്കെട്ടിയിരുന്ന കച്ച ഒഴികെയുള്ള എല്ലാ വസ്ത്രങ്ങളും മാറ്റപ്പെട്ടവനായി നമ്മുടെ രക്ഷകനും കർത്താവുമായ ഈശോ ആ പട

യാളികളുടെ മുമ്പിൽ നിൽക്കുന്നു. ചാട്ടവാറ ടിയിൽ ഉണ്ടായ വൃണങ്ങളിൽ നിന്നും, മുൾമുടി അടിച്ചുതറച്ചപ്പോൾ പൊട്ടിത്തകർന്ന ശിരോധമ നികൾ നിന്നും, കുരിശു വഹിച്ചുള്ള യാത്രയിലെ ഓരോ വീഴ്ചകളിൽ നിന്നും, രക്തമത്രയും വാർന്നുപോയ യേശു വിളറിയ ആലിലപോലെ വിറച്ചു. ദിവ്യനാഥാ, ആർക്കുവേണ്ടിയാണ് ഇത്ര വലിയ പീഡനങ്ങൾ അവിടുന്ന് ഏറ്റത്? എനിക്കുവേണ്ടിയല്ലേ. അതേ എന്റെ കുടുംബ ത്തിന്, എന്റെ നാടിന്, ഈ ലോകത്തിലെ എല്ലാ ജനങ്ങൾക്കും വേണ്ടിയാണ്. എന്റെ പാപങ്ങൾ അവിടുത്തെ വീണ്ടും വീണ്ടും പീഡിപ്പിക്കുക യല്ലേ ചെയ്യുന്നത്. എന്റെ സ്വാർത്ഥത വെടിഞ്ഞ് മറ്റുള്ളവരേയും എന്നെപോലെതന്നെ കണ്ട് അവരെ സഹായിക്കുവാനുള്ള കൃപാവരം എനിക്ക് തരണമേ.

പടയാളികൾ യേശുവിനെ കുരിശിൽ കിടത്തി അവിടുത്തെ വലതുകൈപ്പത്തിയിൽ കാരിരുമ്പാണി ചുറ്റികകൊണ്ട് ആഴത്തിൽ അടിച്ചുകയറ്റി. ക്രൂശിക്കലിന്റെ ആദ്യ ആണി പ്രഹരമേറ്റ യേശു വേദനകൊണ്ട് പുളഞ്ഞു.

ഘാതകരുടെ കൈകളിലേക്ക് അവിടുത്തെ രക്തം ചീറ്റിത്തെറിച്ചു. ഇടതു കരത്തിനുവേണ്ടി യുള്ള സുഷിരംവരെ യേശുവിന്റെ കരം നീളു കയില്ലാത്തതിനാൽ ഇടതുകരത്തിൽ കയർ കെട്ടി വലിച്ചുപിടിച്ചു. അപ്പോൾ അവിടുന്ന് സഹിച്ച വേദനയും സഹനവും ചിത്രീകരിക്കു വാൻ ആർക്കു സാധിക്കും! അവിടുത്തെ മാറിടം ഉയർന്നു, കാലുകൾ ചുരുങ്ങി ഇടതുകൈപ്പത്തി യിലേയ്ക്ക് രണ്ടാമത്തെ ആണി അടിച്ചുകയറ്റി. രക്തം പൊട്ടിച്ചിതറിയൊഴുകി. ഇതെല്ലാം കണ്ടുനിന്ന പരിശുദ്ധ കന്യകാ മറിയം വേദനിച്ച്, ഹൃദയം തകർന്ന്, പാരവശ്യത്തോടെ നിന്നു. അൽപം ദൂരെയായി നിന്നിരുന്ന ഭക്തസ്ത്രീ കളുടെ അടുത്തേക്ക് യോഹന്നാൻ മാതാവിനെ കൊണ്ടുപോയി.

യേശുവിന്റെ കൈകൾ വലിച്ചുനീട്ടിയതു പോലെ തന്നെ നിർദ്ദയമായി അവിടുത്തെ ശരീരം കുരിശിന്റെ മുകളിലേക്ക് വലിച്ചു. കാൽമുട്ടുകൾ അൽപം ഉയർന്നു നിന്നിരുന്നതി നാൽ അതുനിവർത്തി കയർകൊണ്ട് നന്നായി ബന്ധിച്ചു. പാദം തറയ്ക്കുന്നതിനായി കരുതിയ തടിക്കഷണത്തിൽ കാലുകൾ എത്തുകയി

ല്ലെന്നു മനസ്സിലാക്കിയ പടയാളികൾ രോഷാകുലരായി. അവിടുത്തെ വലതുകാലിൽ ഒരു കയർകെട്ടി, ആ തടിക്കഷണത്തിൽ എത്തും വരെ ശക്തിയായി വലിച്ച്, കുരിശിനോടു ചേർത്തു കയറുകൊണ്ട് നന്നായി ബന്ധിച്ചു. പടയാളികൾ ഇപ്രകാരം പ്രവർത്തിച്ചപ്പോൾ യേശു അനുഭവിച്ച വേദന ഭൂമിയിലുണ്ടായിരുന്ന എല്ലാ വേദനകളും ഒരുമിച്ചനുഭവിക്കുന്ന നിമിഷങ്ങളായി കണ്ടുനിന്നവർക്കനുഭവപ്പെട്ടു. വേദനയുടെ പാരമ്യത്തിൽ– "എന്റെ ദൈവമേ, എന്റെ ദൈവമേ" എന്ന് അവിടുന്ന് പിതാവിനെ വിളിച്ചു പ്രാർത്ഥിച്ചു. പാദങ്ങൾ ചേർത്തുവച്ച് നീളമുള്ള ഇരുമ്പാണി ഇരുപാദങ്ങളിലൂടെയും അടിച്ചു കയറ്റി. അവിടുത്തെ ശരീരം വലിച്ചു നീട്ടിയിരിക്കുന്നു. ഓ! വേദനയുടെ കാൽവരി! ഈ സമയം മുഴുവൻ യേശു സങ്കീർത്തന ഭാഗങ്ങൾ ഉരുവിട്ട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കുരിശുവഹിച്ചുള്ള യാത്രയിലും അവിടുന്ന് നിശബ്ദമായി പ്രാർത്ഥിച്ചിരുന്നു. എന്റെ കർത്താവേ എന്റെ ജീവിതത്തിലുടനീളമുള്ള വേദനകളുടെ സമയത്തും ഞങ്ങൾക്ക് പ്രാർത്ഥിക്കുവാനുള്ള മനോഭാവം തരണമേ.

യേശുവിനെ കുരിശിൽ തറച്ച പടയാളികൾ കുരിശിന്റെ നെടിയ ദണ്ഡിൽ കയർ കെട്ടി. അല്പം ദൂരെ തറയിൽ ഉറപ്പിച്ചിരുന്ന നീളമുള്ള ഒറ്റത്തടിയിൽ കയറിന്റെ അഗ്രം ചുറ്റി കുരിശു വലിച്ചുയർത്തി. കുരിശിന്റെ ശീർഷഭാഗം വിഹായസ്സിൽ ഉയർന്ന്, അന്തരീക്ഷത്തിൽ ഒരു നിമിഷം ആടിയുലഞ്ഞ്, വലിയ ശബ്ദത്തോടെ, പാറ തുരന്നുണ്ടാക്കിയ കുഴിയിലേയ്ക്ക് നിലംപതിച്ചപ്പോൾ അട്ടഹാസവും ആർപ്പുവിളികളും അവഹേളനങ്ങളും അന്തരീക്ഷത്തിൽ മാറ്റൊലികൊണ്ടു. അവന്റെ മുറിവുകൾ വീണ്ടും തുറക്കപ്പെട്ടു. രക്തം പ്രവഹിച്ചു. വേദന കടിച്ചമർത്തി ഈശോ മനുഷ്യരക്ഷയ്ക്കായി സഹിച്ചു. തടിയിൽ തീർത്ത അഞ്ചു കുറ്റികൾ അടിച്ചിറക്കി കുരിശ് ഉറപ്പിച്ചു. ഈശോ കുരിശിൽ കിടന്നുകൊണ്ട് ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. വാഗ്ദാനം ചെയ്യപ്പെട്ടവന്റെ അനുഗ്രഹിക്കപ്പെട്ട കുരിശ് ഭൂമിയിൽ സ്ഥാപിതമായി. പറുദീസായിലെ ജീവന്റെ വൃക്ഷം! പാപത്തിന്റെ ശാപത്തിൽ നിന്ന് ലോകത്തെ രക്ഷിക്കുന്ന കുരിശ്! കുരിശുനാട്ടി



ഉറപ്പിച്ച സ്ഥലം ഗിരിശൃംഗ ത്തിൽ രണ്ടടിയോളം ഉയര ത്തിലായിരുന്നു – രക്ഷയുടെ പാദപീഠം! നാഥന്റെ തൃപ്പാ ദത്തിൽ സ്പർശിക്കുന്നതിനും ചുംബിക്കുന്നതിനും ആ പാദ പീഠത്തിൽ നിന്നു കഴിയു മായിരുന്നു.

*(അല്പ നേരം ധ്യനിക്കുക)*

അവഹേളനത്തിന്റെ ചിഹ്നമായിരുന്ന കുരിശിനെ രക്ഷയുടെ അടയാളമാക്കി ഉയർ ത്തിയ മിശിഹായേ, പീഡാനുഭങ്ങളെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾ ആ കുരിശിൽ അഭിമാനം കൊള്ളുവാനും ലോകം മുഴുവൻ അതിൽ രക്ഷ കണ്ടെത്തുവാനും ഇടവരുത്തണമേ.

ഈശോയുടെ വി. കുരിശേ!

– നീ എനിക്ക് സത്യപ്രകാശമായിരിക്കണമേ

ഈശോയുടെ വി. കുരിശേ!

– എന്റെ ആത്മാവിനെ
സത്ചിന്തകളാൽ നിറയ്ക്കണമേ

ഈശോയുടെ വി. കുരിശേ!

– എന്റെ ആശ്രയമായിരിക്കണമേ

ഓ! വി. കുരിശേ!

– എന്റെ രക്ഷയിൽ എന്നെ സഹായിക്കണമേ

ഓ! വി. കുരിശേ!

– എല്ലാ അശുദ്ധ ചിന്തകളിൽനിന്നും എന്നെ സംരക്ഷിക്കണമേ

ഓ! വി. കുരിശേ!

– അകാരണമായ ഭയത്തിൽ നിന്നും എന്നെ സംരക്ഷിക്കണമേ

ഓ! വി. കുരിശേ!

– പരീക്ഷണങ്ങൾ എളിമയോടെ സ്വീകരിക്കുവാൻ എന്നെ പഠിപ്പിക്കണമേ

ഓ! വി. കുരിശേ!

– എന്റെ കുരിശുകൾ സന്തോഷത്തോടെ വഹിക്കുന്നതിനുള്ള ശക്തി തരണമേ

ഓ! വി. കുരിശേ!

– എന്റെ മേൽ കരുണയായിരിക്കണമേ

യേശുവിന്റെ ഇടതുവശത്തും വലതുവശത്തും ഓരോ കള്ളന്മാരെ കുരിശിൽ തറച്ചു. യേശുവിന്റെ വസ്ത്രങ്ങൾ പടയാളികൾ നാലായി ഭാഗിച്ച് ഓരോരുത്തർ ഓരോ ഭാഗം എടുത്തു. തയ്യൽ കൂടാതെ പരിശുദ്ധ മറിയം നെയ്തെടുത്ത മേലങ്കി ചിട്ടിയിട്ടു തീരുമാനിക്കാൻ അവർ മാറ്റിവച്ചു.

"യേശു പറഞ്ഞു: പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല. അവന്റെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കാൻ അവർ കുറിയിട്ടു. ജനം നോക്കിനിന്നു. പ്രമാണികളാകട്ടെ അവനെ പരിഹസിച്ചു പറഞ്ഞു: ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇവൻ ദൈവത്തിന്റെ ക്രിസ്തുവാണെങ്കിൽ, അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ടവനാണെങ്കിൽ തന്നെത്തന്നെ രക്ഷിക്കട്ടെ. പടയാളികൾ അടുത്തുവന്ന് വിനാഗിരി കൊടുത്ത് അവനെ പരിഹസിച്ചു പറഞ്ഞു. നീ യഹൂദാരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക. ഇവൻ യഹൂദരുടെ രാജാവ് എന്ന ഒരു ലിഖിതം അവന്റെ തലയ്ക്കുമീതേ ഉണ്ടായിരുന്നു.

കുരിശിൽ തൂക്കപ്പെട്ടിരുന്ന കുറ്റവാളികളിൽ ഒരുവൻ അവനെ ദുഷിച്ചു പറഞ്ഞു. നീ ക്രിസ്തുവല്ലേ. നിന്നെയും ഞങ്ങളെയും രക്ഷിക്കുക! അപരൻ അവനെ ശകാരിച്ചു പറഞ്ഞു: നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? നീയും അതേ ശിക്ഷാവിധിയിൽ തന്നെയാണല്ലോ. നമ്മുടെ ശിക്ഷാവിധി ന്യായമാണ്. നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം നമുക്ക് ലഭിച്ചിരിക്കുന്നു. ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ല. അവൻ തുടർന്നു: യേശുവേ, നീ നിന്റെ രാജ്യത്ത് പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ! യേശു അവനോട് അരുളിച്ചെയ്തു: സത്യമായി ഞാൻ നിന്നോട് പറയുന്നു. നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും"

*(ലൂക്കാ 23:34-40)*

ഓ ദിവ്യനാഥാ, സഹനത്തിന്റെ തീച്ചൂളയിലൂടെ നടന്ന്, ഞങ്ങൾക്കായി വീണ്ടെടുത്ത പറുദീസായുടെ പരിശുദ്ധിയിൽ നിന്നോടൊപ്പം ആയിരിക്കാൻ എന്നേയും അനുവദിക്കണമേ.

## 4. യേശുവിന്റെ മരണം.



സമയം 12 മണിയായി. യഹൂദരുടെ കണക്കനുസരിച്ച് ആറാം മണിക്കൂർ. ഭൂമിയിലെങ്ങും അന്ധകാരം പരന്നു. മറിയവും യേശുവിനോട് ഏറ്റവും വിശ്വസ്തത പുലർത്തിയിരുന്നവരും ഒഴികെ, മറ്റെല്ലാവരും അവിടം വിട്ടുപോയി. യേശു അമ്മയെ നോക്കി പറഞ്ഞു: "സ്ത്രീയേ, ഇതാ, നിന്റെ മകൻ" പിന്നെ അവിടുന്ന് യോഹന്നാനോടു പറഞ്ഞു : "ഇതാ, നിന്റെ അമ്മ" - മരിച്ചുകൊണ്ടിരുന്ന തന്റെ ഗുരുവിനെ നോക്കി യോഹന്നാൻ ഏറ്റവും ബഹുമാന്യമായ രീതിയിൽ അവളെ വന്ദിച്ചു. ആ ദിവസം മുതൽ യോഹന്നാൻ തന്റെ അമ്മയായി അവളെ കരുതി.

ഒൻപതാം മണിക്കൂർവരെ ഭൂമി മുഴുവൻ അന്ധകാരമായിരുന്നു "അനന്തരം എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടി യേശു പറഞ്ഞു: എനിക്കു ദാഹിക്കുന്നു. ഒരു പാത്രം നിറയെ വിനാഗിരി അവിടെ ഉണ്ടായിരുന്നു.

അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പ് ചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു. യേശു വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു." *(യോഹ. 19:28-30)*

അതിനുശേഷം യേശു ശിരസ്സ് അൽപം ഉയർത്തി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. "പിതാവേ നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു." ഏതാനും നിമിഷം കഴിഞ്ഞപ്പോൾ അവിടുന്ന് ശിരസ്സു കുനിച്ച് ജീവൻ വെടിഞ്ഞു. അപ്പോൾ ദേവാലയത്തിലെ തിരശ്ശീല മുകളിൽ നിന്നും താഴെവരെ രണ്ടായി കീറി. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, ശവകുടീരങ്ങൾ തുറക്കപ്പെട്ടു. പിതാവായ ദൈവത്തിന്റെ ശബ്ദം ഗാംഭീര്യത്തോടെ പ്രപഞ്ചം മുഴുവനിലും പ്രതിധ്വനിച്ചു. യേശുവിന് കാവൽ നിന്നിരുന്ന ശതാധിപനും കൂടെയുണ്ടായിരുന്ന വരും അത്യധികം ഭയപ്പെട്ടു. സത്യമായും ഇവൻ ദൈവപുത്രനായിരുന്നുവെന്ന് ശതാധിപൻ വിളിച്ചു പറഞ്ഞു. കാഴ്ച കാണുവാൻ കൂടിയിരുന്ന ജനക്കൂട്ടം

മാറത്തടിച്ചുകൊണ്ട് തിരിച്ചു പോയി. അവന്റെ പരിചയക്കാരും ഗലീലിയയിൽ നിന്നും അവനെ അനുഗമിച്ച സ്ത്രീകളും അകലെ ഇതെല്ലാം കണ്ടുകൊണ്ടിരുന്നു.

"അത് സാബത്തിനുള്ള ഒരുക്കത്തിന്റ ദിവസമായിരുന്നു. ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു. സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻ വേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കം ചെയ്യുവാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. അതിനാൽ പടയാളികൾ വന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടു പേരുടെയും കാലുകൾ തകർത്തു. അവർ യേശുവിനെ സമീപിച്ചപ്പോൾ അവൻ മരിച്ചു കഴിഞ്ഞിരുന്നു എന്ന് കാണുകയാൽ അവന്റെ കാലുകൾ തകർത്തില്ല. എന്നാൽ പടയാളി കളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അതിൽ നിന്നു രക്ത വും വെള്ളവും പുറപ്പെട്ടു." *(യോഹ. 19:31-34).*

"വൈകുന്നേരമായപ്പോൾ അരിമത്തെ യാക്കാരൻ ജോസഫ് എന്ന ധനികൻ അവിടെ

യെത്തി. അവനും യേശുവിനു ശിഷ്യപ്പെട്ടിരുന്നു. അവൻ പീലാത്തോസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അത് അവന് വിട്ടുകൊടുക്കുവാൻ പീലാത്തോസ് കൽപിച്ചു" *(മത്തായി. 27:57-58).* ജോസഫും നീക്കോദേമോസും ചേർന്ന് കുരിശിന് പിന്നിൽ ഗോവണി ഉറപ്പിച്ച് ആണികളെല്ലാം സാവധാനം ഊരിയെടുത്ത് യേശുവിന്റെ ശരീരം കുരിശിൽ നിന്ന് ഇറക്കി. അസഹനീയമായ സങ്കടവും സ്നേഹവാത്സല്യവും കൊണ്ട് വീർപ്പുമുട്ടിയ മാതാവിന്റെ കരങ്ങളിലേയ്ക്ക് പീഡാസഹനങ്ങളുടെ ബലിവസ്തുവായി മാറിയ അരുമസുതന്റെ ചേതനയറ്റ ശരീരം അവർ വച്ചുകൊടുത്തു.

യേശുവേ, കുരിശിൽ നിന്നിറക്കിയ അവിടുത്തെ തിരുശരീരം മടിയിൽ താങ്ങിയിരുത്തിയ ആ അമ്മയ്ക്ക് വികൃതമാക്കപ്പെട്ട നിന്റെ ശരീരത്തിൽ എവിടൊരു ചുംബനമർപ്പിക്കുവാൻ സാധിച്ചു നാഥാ! കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട തിരുവിലാവുകണ്ട് അമ്മയുടെ ഹൃദയം തകർന്നില്ലേ നാഥാ! അവിടുത്തെ അമ്മയെ ഞങ്ങൾക്ക് അമ്മയായി നൽകിയ അങ്ങയുടെ

കാരുണ്യത്തിൽ ശരണപ്പെട്ട് ഞാനപേക്ഷിക്കുന്നു. കർത്താവേ... പാപിയായ എന്നോട് കരുണയായിരിക്കണമേ. *(അല്പ നേരം ധ്യാനിക്കുക)*

അരിമത്തെയാക്കാരൻ ജോസഫിന്റെ കൂടെ നൂറുറാത്തൽ സുഗന്ധക്കൂട്ടുമായി നിക്കോദേമോസും ഉണ്ടായിരുന്നു. "അവർ യേശുവിന്റെ ശരീരമെടുത്ത് യഹൂദരുടെ ശവസംസ്കാരരീതിയനുസരിച്ച് സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു. അവൻ ക്രുശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. യഹൂദരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ യേശുവിനെ അവിടെ സംസ്കരിച്ചു"*(യോഹ. 19. 40-42).*

പ്രവചനങ്ങളെല്ലാം യഥാസമയം പൂർത്തീകരിച്ചുകൊണ്ട് ഞങ്ങൾക്കുവേണ്ടി പീഡകൾ സഹിച്ച് കുരിശുമരണം വരിച്ച യേശുവേ ശിഷ്യരോടു പറഞ്ഞതുപോലെ അവിടുന്ന്

മൂന്നാം ദിവസം മഹത്വപൂർണ്ണനായി ഉയർത്തെ ഴുന്നേറ്റുവല്ലോ. നാല്പതാം ദിവസം സ്വർഗ്ഗാ രോഹണം ചെയ്യുകയും സഹായകനായ പരിശു ദ്ധാത്മാവിനെ ലോകത്തിനു നൽകുകയും എപ്പോഴും ഞങ്ങളെ കാത്തു പരിപാലിക്കു കയും ചെയ്യുന്ന നാഥാ ഞാൻ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വ പ്പെടുത്തുകയും ചെയ്യുന്നു. അന്ത്യ അത്താഴ സമയത്ത് അവിടുത്തെ തിരുശരീര രക്തങ്ങൾ അപ്പത്തിന്റേയും വീഞ്ഞിന്റേയും രൂപത്തിൽ ശിഷ്യന്മാർക്കു നൽകുകയും അവിടുന്ന് എന്നും ഞങ്ങളോടൊപ്പം ആയിരിക്കുവാൻ വി. കുർ ബ്ബാന സ്ഥാപിക്കുകയും അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്നതുമായ യേശുനാഥാ ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. വി. കുർബ്ബാനയിലെ അത്ഭുതങ്ങൾ ഞങ്ങൾ ധാരാളം കേൾക്കുകയും വായിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എന്റെ ഹൃദയത്തിലേ യ്ക്ക് അവിടുന്ന് എഴുന്നുള്ളി വന്നപ്പോൾ

കല്ലായി മാറിയിരുന്ന എന്റെ ഹൃദയത്തിന് അത് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല നാഥാ. പാപബോധ ത്തോടും പശ്ചാത്താപത്തോടും കൂടി ഒരു കുമ്പസാരം നടത്തുവാനും എന്റെ ഹൃദയത്തെ വെണ്മയുള്ളതാക്കി മാറ്റി അപ്പത്തിന്റെ രൂപ ത്തിൽ വരുന്ന അങ്ങയെ സ്വീകരിക്കുവാൻ എന്നെ ഒരുക്കണമെ നാഥാ. മരണശേഷമുള്ള സ്വർഗ്ഗഭാഗ്യം മുന്നിൽ കണ്ടുകൊണ്ട്, പാപ മാലിന്യമില്ലാതെ, എല്ലാവരേയും സ്നേഹിച്ചു കൊണ്ട് സ്വന്തം ഉത്തരവാദിത്തങ്ങൾ ആത്മാ ർത്തതയോടെ നിർവ്വഹിക്കുവാനും മറ്റുള്ള വർക്ക് മാതൃകയായി ജീവിക്കുവാനും എന്നെ അനുഗ്രഹിക്കണമെ.

പിതാവിൻേറയും പുത്രന്റേയും പരിശുദ്ധാത്മാ വിന്റേയും നാമത്തിൽ, ആമ്മേൻ.

## സുകൃതജപം

എന്റെ ഈശോയെ അങ്ങേ തിരുമുറിവു കളുടെ യോഗ്യതകളെ ഓർത്ത് എന്റെ പാപങ്ങൾ പൊറുക്കണമെ.

ഈശോയുടെ ഹൃദയത്തിൽനിന്നും ഞങ്ങൾക്ക് കാരുണ്യസ്രോതസ്സായി ഒഴുകി യിറങ്ങിയ തിരുരക്തമേ, തിരുജലമേ, ഞാൻ അങ്ങയിൽ ശരണപ്പെടുന്നു.

ഞങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച ഈശോനാഥാ, പാപിയായ എന്നോട് കരുണയായിരിക്കണമേ.

ക്രൂശിതനായ യേശുവേ, ശുദ്ധീകരണാത്മാ ക്കളോട് ദയവുണ്ടാകണമേ.

നിത്യപിതാവേ അങ്ങേ തിരുക്കുമാരന്റെ തിരുശരീര- രക്തങ്ങളെയോർത്ത് എന്റെ പാപങ്ങൾ ക്ഷമിച്ച്, എന്നോട് കരുണയായി രിക്കണമേ.

---

*"നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും;*
*നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ,*
*എന്ന് അവിടുന്ന് മറുപടി തരും"*
*(ഏശയ്യാ. 58:9)*

*'രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം*
*കുറുകിപ്പോയിട്ടില്ല; കേൾക്കാനാവാത്തവിധം*
*അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല"*
*(ഏശയ്യാ 59:1)*

## 2. ഈശോയുടെ തിരുമുഖത്തിന്റെ ജപമാല



ഓ! ഈശോയുടെ തിരുമുഖമേ! ഞങ്ങളുടെ പ്രാർത്ഥന അങ്ങേ തിരുസന്നിധിയിൽ എത്തുന്നതുവരെ ഞങ്ങൾ അങ്ങയെ വിളിച്ച് അപേക്ഷിക്കുന്നു. അങ്ങേക്ക് ഞങ്ങളെ അത്ഭുതകരമായി രക്ഷിക്കാൻ കഴിയുമല്ലോ. പരിശുദ്ധനായ ദൈവമേ! ഞങ്ങളിലും ലോകം മുഴുവനിലും കരുണ തോന്നണമേ.

സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും അതിയായ ആഗ്രഹത്തോടും കൂടി ഈശോയുടെ തിരുമുഖത്തിന്റെ അനന്തമായ യോഗ്യതകളേയും സഹനങ്ങളേയും വിലമതിക്കാത്ത തിരുരക്തത്തേയും തിരുമുറിവുകളേയും കണ്ണുനീരിനേയും അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായത്തിനുമായി കാഴ്ചവയ്ക്കുന്നു.

1. തിരുമുറിവുകളാൽ ആവൃതമായിരിക്കുന്ന ഈശോയുടെ തിരുമുഖമേ!
അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *(10 പ്രാവശ്യം)*
*(സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും.....)*

2. തിരുരക്തത്താൽ ആവൃതമായ ഈശോയുടെ തിരുമുഖമേ!
അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *(10 പ്രാവശ്യം)*
*(സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും.....)*

3. ഞങ്ങളോടുള്ള അനന്തമായ സ്നേഹത്താൽ കണ്ണീരൊഴുക്കിയ ഈശോയുടെ തിരുമുഖമേ!
അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *(10 പ്രാവശ്യം)*
(സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും.....)

4. നിന്ദിതനും അപമാനിതനുമായ ഈശോയുടെ തിരുമുഖമേ!
അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ *10 പ്രാവശ്യം)*
(സ്വർഗ്ഗസ്ഥനായ പിതാവേ, എളിമയോടും.....)

5. എറ്റവും ആഴമേറിയ വേദനയും നിശബ്ദ മായി സഹിച്ച ഈശോയുടെ തിരുമുഖമേ! അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ. *(10 പ്രാവശ്യം)*

പ്രാർത്ഥിക്കാം:- ഞങ്ങളുടെ രക്ഷകനും അങ്ങ യോടുള്ള സ്നേഹത്താലും കരുണയാലും അനന്തമായ യോഗ്യതകൾ നേടിത്തന്നവനു മായ ഈശോയുടെ തിരുമുഖമേ, ഞങ്ങൾ അ ങ്ങയേ അരാധിക്കുന്നു. യഥാർഥ മനസ്താ പവും പാപമോചനവും ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ ജീവിത വിശുദ്ധിയാലും അചഞ്ച ലമായ വിശ്വാസസാക്ഷ്യത്താലും ആഴമേറിയ സ്നേഹത്താലും, അങ്ങേ തിരുമുഖത്തെ ഞങ്ങൾ ആശ്വസിപ്പിക്കട്ടെ. ആമ്മേൻ

നിത്യപിതാവേ എന്റേയും ലോകം മുഴുവ ന്റേയും പാപങ്ങളുടെ പരിഹാരമായിട്ടും അജ്ഞാനികൾ മനസുതിരിഞ്ഞ് തിരുസഭയിൽ ചേരുന്നതിനും, ശുദ്ധീകരണസ്ഥലത്തെ ആത്മാ ക്കൾക്ക് ആശ്വാസം ലഭിക്കുന്നതിനും ഞങ്ങ ളുടെ കർത്താവീശോമിശിഹായുടെ തിരുമുറി വുകളെ അങ്ങേക്ക് ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

എന്റെ ഈശോയെ അങ്ങേ തിരുമുറിവുകളുടെ യോഗ്യതകളെ ഓർത്ത് എന്റെ പാപങ്ങൾ പൊറുക്കണമേ. *(3 പ്രാവശ്യം)*

നിത്യപിതാവേ ഞങ്ങളുടെ ആത്മീയ മുറിവുകൾ സൗഖ്യമാക്കുന്നതിനായി ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുറിവുകളെ അങ്ങേക്ക് ഞങ്ങൾ കാഴ്ച്ചവയ്ക്കുന്നു. *(3 പ്രാവശ്യം)*

---

## 3. കരുണക്കൊന്ത

*(വാഴ്ത്തപ്പെട്ട ഹൗസ്തീനാവഴി കർത്താവ് ലോകത്തിനു നൽകിയ പ്രാർത്ഥന.)*



പ്രാരംഭം: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ

വിശ്വാസ പ്രമാണം

1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

**വലിയ മണികളിൽ** *(1 പ്രാവശ്യം)*:

നിത്യപിതാവെ, ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായി

അങ്ങയുടെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ച വെയ്ക്കുന്നു.

ആമ്മേൻ.

**ചെറിയ മണികളിൽ** *(10 പ്രാവശ്യം)*:

**ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെപ്രതി,**

"പിതാവെ, ഞങ്ങളുടെമേലും ലോകം മുഴുവന്റെമേലും കരുണയായിരിക്കണമെ."

ഓരോ രഹസ്യത്തിന്റെയും അവസാനത്തിൽ

(മൂന്നുപ്രാവശ്യം) :

"പരിശുദ്ധനായ ദൈവമേ പരിശുദ്ധനായ ബലവാനെ പരിശുദ്ധനായ അമർത്യനെ ഞങ്ങളുടെമേലും ലോകം മുഴുവന്റെമേലും കരുണയായിരിക്കണമെ" .

അഞ്ചു രഹസ്യങ്ങളും കഴിയുമ്പോൾ:

മനസ്താപപ്രകരണം,

# 4. ഈശോയുടെ തിരുരക്ത സംരക്ഷണ പ്രാർത്ഥന

*നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും' (ജോഷ്വ.3:5)*

ഈശോയേ, എന്നേയും എന്റെ കുടുംബാംഗങ്ങളേയും വസ്തുവകകളേയും പ്രവർത്തനമേഖലകളേയും ഞാൻ സമർപ്പിക്കുന്നു. അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ. പരിശുദ്ധ അമ്മേ, സകല മാലാഖമാരേ, സകല വിശുദ്ധരേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**1. ഈശോയുടെ മുൾമുടിയിൽനിന്ന് ഒഴുകിയിറങ്ങിയ തിരുരക്തമേ...**



എന്റെ...........ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കണമേ.

(10 പ്രാവശ്യം) (....... ന്റെ സ്ഥാനത്ത് നിയോഗം ചേർക്കുക)

പരിശുദ്ധ അമ്മേ, ദൈവ മാതാവേ എന്റെ ........ ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കുന്നതിന് അമ്മ പ്രാർത്ഥിക്കണമേ. (1 പ്രാവശ്യം)

**2. ഈശോയുടെ തിരുക്കര ളിൽനിന്ന് ഒഴുകിയിറങ്ങിയ തിരുരക്തമേ ...........**



എന്റെ ........ ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കണമേ. (10 പ്രാവശ്യം).

പരിശുദ്ധ അമ്മേ, ദൈവമാതാവേ എന്റെ......... ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കുന്നതിന് അമ്മ പ്രാർത്ഥിക്കണമേ. (1 പ്രാവശ്യം)



**3. ഈശോയുടെ തിരുവിലാ വിൽ നിന്ന് ഒഴുകിയിറങ്ങിയ തിരുരക്തമേ, തിരുജലമേ.....**

എന്റെ............ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കണമേ.

(10 പ്രാവശ്യം)

പരിശുദ്ധ അമ്മേ, ദൈവമാതാവേ എന്റെ........ ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കുന്നതിന് അമ്മ പ്രാർത്ഥിക്കണമേ. (1 പ്രാവശ്യം)

**4. ഈശോയുടെ തൃപ്പാദങ്ങളിൽ നിന്ന് ഒഴുകിയിറങ്ങിയ തിരുരക്തമേ,**



എന്റെ ........... ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കണമേ.

(10 പ്രാവശ്യം).

പരിശുദ്ധ അമ്മേ, ദൈവമാതാവേ എന്റെ......... ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കുന്നതിന് അമ്മ പ്രാർത്ഥിക്കണമേ. (1 പ്രാവശ്യം)



**5. ഈശോയുടെ തിരുശരീരത്തിലേറ്റ അടിപ്പിണരുകളുടെ യോഗ്യതകളെ ഓർത്ത് ...**

എന്റെ ..........ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കണമേ. (10 പ്രാവശ്യം).

പരിശുദ്ധ അമ്മേ, ദൈവമാതാവേ എന്റെ........ ന് തടസ്സമായി നിൽക്കുന്ന പിശാചിന്റെ തല തകർക്കുന്നതിന് അമ്മ പ്രാർത്ഥിക്കണമേ. (1 പ്രാവശ്യം)

## **Books of Luise Pullan** B.Com, MBA, FCMA

(Retired CGM & CFO of HOCL and Director & CFO of HFL)

1. Basic and Commercial Mathematics
2. Daily Personal Prayers
3. ക്രൈസ്തവ പൊതുവിജ്ഞാനം
4. ദൈവമാതാവായ പരിശുദ്ധമറിയം
5. വഴികാട്ടികൾ
6. അനുദിന പ്രാർത്ഥനകൾ
7. ദിവ്യകാരുണ്യ ആരാധന
8. യേശുവിന്റെ പീഡാനുഭവ അനുസ്മരണ പ്രാർത്ഥന
9. കുമ്പസാരവും കുർബാന സ്വീകരണവും
10. റോസ മിസ്റ്റിക്ക മാതാവിനോടുള്ള നൊവേന

(Rev. Fr. Dr. Jose Puthiyedath & Luise Pullan)

*Copies are available at important bookstalls in Ernakulam. To get the copies by post, visit the Website:* ***www.annmariapublishers.com***
*Price and other details are available in the website.*

---

ഈ പുസ്തകം നിങ്ങൾക്ക് പ്രയോജനപ്പെട്ടെങ്കിൽ ഇതിന്റെ കോപ്പികൾ വാങ്ങി ഇത് പ്രയോജനപ്പെടുമെന്ന് തോന്നുന്നവർക്ക് കൊടുക്കുന്നത് ഒരു സൽപ്രവൃത്തിയാണ്.

"മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ." (മത്തായി 7:12)